**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 548** **17-09-2025 - ൽ മറുപടിയ്ക്ക്**

**അമേരിക്ക ഏർപ്പെടുത്തിയ തീരുവ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ ,<br>ശ്രീ. ഐ. സി. ബാലകൃഷ്ണൻ ,<br>ശ്രീ. റോജി എം. ജോൺ ,<br>ഡോ. മാത്യു കുഴൽനാടൻ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | അമേരിക്കൻ ഭരണകൂടം ഇന്ത്യൻ ഉൽപ്പന്നങ്ങളുടെ തീരുവ 50 ശതമാനത്തോളം വർദ്ധിപ്പിച്ചത് സംസ്ഥാന സമ്പദ്ഘടനയെ എതു തരത്തിലാണ് ബാധിക്കുകയെന്ന് വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ; | (എ) | ഇന്ത്യയ്ക്ക് മേൽ അമേരിക്ക ഏർപ്പെടുത്തിയ 50 ശതമാനം ഇറക്കുമതി തീരുവ സംസ്ഥാനത്തെ കയറ്റുമതി അടിസ്ഥാനപ്പെടുത്തിയിട്ടുള്ള വ്യവസായങ്ങളെ ദോഷകരമായ രീതിയിൽ ബാധിക്കുന്നതാണ്. അമേരിക്കൻ താരിഫ് വർദ്ധനവ് മൂലം കേരളത്തിന്റെ കയറ്റുമതി മേഖലയിൽ ഉണ്ടായിട്ടുള്ള വെല്ലുവിളികൾ ചർച്ച ചെയ്യുന്നതിനായി ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഈ മേഖലയിലെ വിദഗ്ധരുമായി ഒരു round table ചർച്ച 22.08.2025-ൽ നടത്തിയിരുന്നു. കൂടാതെ, കേരളത്തിലെ വിവിധ കയറ്റുമതി മേഖലകളിൽ നിന്നുള്ള പ്രതിനിധികളുമായി KSIDC-യുടെ നേതൃത്വത്തിൽ 2025 ഓഗസ്റ്റ് 15-ന് കൊച്ചിയിൽ വച്ച് യോഗം നടത്തിയിരുന്നു. വിവിധ മേഖലകളിൽ നിന്നുള്ള പ്രതിനിധികൾ, വ്യവസായ അസോസിയേഷനുകൾ, പ്ലാനിംഗ് ബോർഡ്, വ്യാപാര സൗകര്യങ്ങൾ ഒരുക്കുന്ന സ്ഥാപനങ്ങൾ എന്നിവർ അവരുടെ ആശങ്കകളും നിർദ്ദേശങ്ങളും അടിയന്തര സഹായത്തിനുള്ള അപേക്ഷകളും യോഗത്തിൽ അവതരിപ്പിച്ചിരുന്നു.<br><br>കേരളത്തിൽ നിന്ന് അമേരിക്കയിലേക്ക് കയറ്റി അയക്കുന്ന പ്രധാനപ്പെട്ട 8 ഉത്പന്നങ്ങളായ സുഗന്ധ വ്യഞ്ജനങ്ങൾ, സമുദ്രോത്പന്നങ്ങൾ, തുണിത്തരങ്ങൾ/ റെഡിമെയ്ഡ് വസ്ത്രങ്ങൾ, പരവതാനികൾ, തേയില, കയർ, റബ്ബർ ഉത്പന്നങ്ങൾ, കശുവണ്ടി എന്നിവയുടെ കഴിഞ്ഞ 3 സാമ്പത്തിക വർഷത്തെ ശരാശരി കയറ്റുമതി മൂല്യം 4,503 കോടി രൂപയാണ് (510.56 ദശലക്ഷം യു.എസ്. ഡോളർ). മേൽപറഞ്ഞ മേഖലകളിലെ പ്രമുഖ വ്യവസായികളിൽ നിന്നുള്ള വിവരങ്ങളും അഭിപ്രായങ്ങളും അനുസരിച്ച് യു.എസ്. താരിഫ് വർദ്ധന കാരണം വ്യാപാരത്തിന്റെ അളവിൽ 40% |

| | | | |
|---|---|---|---|
| | | | മുതൽ 60% വരെ കുറവുണ്ടാകാൻ സാധ്യത ഉണ്ടെന്ന് കണക്കാക്കുന്നു. അതനുസരിച്ച് കഴിഞ്ഞ 3 സാമ്പത്തിക വർഷത്തെ ശരാശരി കയറ്റുമതി മൂല്യത്തിന്റെ അടിസ്ഥാനത്തിൽ 2025-26 സാമ്പത്തിക വർഷത്തിൽ മേൽപരാമർശിത 8 പ്രധാന ഉത്പന്നങ്ങളിലെ വ്യാപാര മൂല്യത്തിൽ 276.33 ദശലക്ഷം യു.എസ്. ഡോളറിന്റെ കുറവാണ് പ്രതീക്ഷിക്കുന്നത്. |
| (ബി) | ഈ തീരുമാനം വഴി സംസ്ഥാന സമ്പദ് ഘടനയ്ക്കും സംസ്ഥാനത്തെ കർഷകർ അടക്കമുള്ള സമൂഹത്തിനും ഉണ്ടാകുന്ന പ്രതിസന്ധി പരിഹരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ? | (ബി) | അമേരിക്ക ചുമത്തിയ പിഴ താരിഫുകൾ കേരളത്തിന് വ്യാപാര തടസ്സം മാത്രമല്ല, സാമ്പത്തിക ആഘാതവുമാണ്. വ്യാപാര നികുതി, കേന്ദ്ര കൈമാറ്റങ്ങളിൽ നിന്നും ലഭിക്കുന്ന വരുമാനം എന്നിവയിലാണ് സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥ പ്രധാനമായും ആശ്രയിച്ചിരിക്കുന്നത്. സംസ്ഥാനത്തിന്റെ സാമ്പത്തിക നില, ചരക്ക് സേവന നികുതി (ജി.എസ്.ടി.), പൊതുകടം വാങ്ങുന്നതിനുള്ള പരിധി നിശ്ചയിക്കൽ, തനതു നികുതി വരുമാന കുറവ് തുടങ്ങിയ കാരണങ്ങളാൽ ഇതിനകം തന്നെ പരിമിതപ്പെട്ടിരിക്കുന്ന സാഹചര്യത്തിൽ കയറ്റുമതിയിലെ ഇടിവ് സംസ്ഥാന വരുമാനത്തെ കൂടുതൽ പ്രതികൂലമായി ബാധിക്കുന്നു. സംസ്ഥാനത്തിനുണ്ടാകുന്ന വരുമാന നഷ്ടം പരിഹരിക്കാൻ ഭരണഘടനയുടെ 275-ാം അനുച്ഛേദപ്രകാരം അനുബന്ധ ഗ്രാന്റുകൾ ശിപാർശ ചെയ്യേണ്ടതാണ് എന്നും കൂടാതെ, കേരളത്തിന് 0.5% ജി.എസ്.ഡി.പി. വരെ അധിക വായ്പാ പരിധി അനുവദിക്കണം എന്നും അഭ്യർത്ഥിച്ച് 16-ാം ധനകമ്മീഷന് ഒരു അനുബന്ധ മെമ്മോറാണ്ടം 2025 സെപ്തംബറിൽ നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ